**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1142** **06-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയിൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യമേഖലയിൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ സ്ഥാപനങ്ങളുടെ ധനസഹായ ത്തോടു കൂടി മത്സ്യഫെഡ് നടപ്പിലാക്കുന്ന ടേം വായ്പ പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് വ്യക്തികൾക്ക് ഈടുവെച്ചിട്ടുള്ള വായ്പകൾ നൽകി വരുന്നു. കൂടാതെ ഈ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടി പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയം സഹായ ഗ്രൂപ്പുകൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മൈക്രോഫിനാൻസ് വായ്പയും നൽകി വരുന്നു.<br><br>സൊസൈറ്റി ഫോർ അസിസ്റ്റൻറസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന മത്സ്യത്തൊഴിലാളി വനിതകളെ സാഫിന്റെ പ്രവർത്തകഗ്രൂപ്പുകളായി മാറ്റി ബദൽ ജീവനോപാധി മേഖലയിൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ധന സഹായം നൽകുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. സംരംഭം ആരംഭിക്കുന്നതിന് കേരള ബാങ്ക് മുഖേന ലോൺ ലഭ്യമാക്കുന്നു.<br><br>സംരംഭങ്ങളുടെ സുസ്ഥിര നിലനിൽ പ്പിനായും ബിസിനസ്സ് വിപുലീകരിക്കുന്ന തിനും ആയി |

| | | | |
|---|---|---|---|
| | | | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. ബാങ്കുകൾ വഴി ഗ്രൂപ്പുകൾ കണ്ടെത്തുന്ന ലോണിന്റെ പലിശ, ഗ്രൂപ്പുകളുടെ അക്കൗണ്ടിലേക്ക് നൽകി വരുന്നു. യൂണിറ്റുകൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും നിലവിലെ ഗ്രൂപ്പുകൾക്ക് വിവിധതരം സാങ്കേതിക പരിശീലനങ്ങൾ നൽകുന്നതിനുമായും കപ്പാസിറ്റി ബിൽഡിംഗ് ട്രെയ്നിംഗ് നൽകുന്നു. തീരമൈത്രി യൂണിറ്റുകൾക്ക് അവരുടെ സാങ്കേതിക വിദ്യാ നവീകരണത്തിനും പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിനുമായി സഹായം നൽകുന്നു. |
| (ബി) | ചെറുകിട തൊഴിൽ സംരംഭകർക്ക് സാങ്കേതികവിദ്യ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | മത്സ്യഫെഡ് മുഖേന പ്രാഥമിക സംഘങ്ങളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയം സഹായ ഗ്രൂപ്പുകൾക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മത്സ്യഫെഡ് പരിശീലനം നൽകുന്നുണ്ട്.<br><br>സൊസൈറ്റി ഫോർ അസിസ്റ്റൻറസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന തിന്റെ ഭാഗമായും നിലവിലെ ഗ്രൂപ്പുകൾക്ക് അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സാങ്കേതിക പരിശീലനങ്ങൾ നൽകുന്നു. ഒരു ദിവസത്തെ ഓപ്പർച്യൂണിറ്റി ഗൈഡൻസ് പ്രോഗ്രാം, 3 ദിവസത്തെ റെസിഡൻഷ്യൽ അച്ചീവ്മെന്റ് മോട്ടിവേഷൻ & മാനേജ്മെന്റ് ട്രെയിനിംഗ് 2 ദിവസത്തെ മാനേജീരിയൽ ട്രെയിനിംഗ്, അക്കൗണ്ടിംഗ് & ബുക്ക് കീപ്പിംഗ് ട്രെയിനിംഗ്, 'സി' ഗ്രേഡ് യൂണിറ്റ് ഇന്റർവെൻഷൻ ട്രെയിനിംഗ് പ്രോഗ്രാം, സ്കിൽ ട്രെയിനിംഗ് എന്നിവ സാഫ് യൂണിറ്റുകൾക്കായി നൽകുന്നു. കൂടാതെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിന് സംരംഭകൾക്ക് സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിങ്ങുകൾ നൽകുന്നു. പരിചയസമ്പന്നരായ ഫാക്കൽറ്റികളുടെ സഹായത്തോടെ ഗ്രൂപ്പായും യൂണിറ്റുകളിൽ നേരിട്ടും സ്കിൽ ട്രെയിനിങ്ങുകൾ നൽകി വരുന്നു. മാറി വരുന്ന ടെക്നോളജിക്ക് അനുസരിച്ച് യൂണിറ്റുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനായി നൂതന ഉപകരണങ്ങളെ കുറിച്ച് അവബോധം നൽകി അവ വാങ്ങുന്നതിന് ധനസഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ